8

ചോ:

# "സഭ തുടങ്ങിയപ്പോൾ അത് എങ്ങനെ ആയിരുന്നു?"

## ഉത്തരം:

ജീവിതത്തിന്റെ എല്ലാ വശങ്ങളിലും, നമുക്ക് ഒരു നിലവാരവും, മാതൃകയും ആവശ്യമാണ്. സമയം പറയുന്ന കാര്യത്തിൽ, ഉദാഹരണമായി, ഒരാൾ തന്റെ വാച്ചിന്റെ ചരിത്രത്തിൽ ആശ്രയിക്കുകയില്ല. "ഈ വാച്ച് എന്റെ സ്കോട്ടിഷ് വെല്യപ്പന്റേതാണ്" എന്നു പറയുമ്പോൾ, അതു സമയം കൃത്യമായി കാണിക്കും എന്ന ഉറപ്പു നൽകുന്നില്ല. അതുപോലെ, "എന്റെ സ്കോട്ടിഷ് വെല്യപ്പൻ ഈ സഭയിലെ അംഗമായിരുന്നു" എന്നു പറഞ്ഞാൽ, അതിനർത്ഥം ആ സഭ പുതിയനിയമസഭയാണെന്നു അർത്ഥമാകുന്നില്ല. സമയം സൂക്ഷിക്കുന്നതിൽ, വിശ്വസനീയമായ നിലവാരം ഒന്നേയുള്ളൂ - ദൈവത്തിന്റെ സൂര്യൻ. അമേരിക്കയിൽ, ദിവസവും സൂര്യനെ നോക്കി സമയസൂചനകൾ പരിശോധിക്കുന്നതു വെർജീനിയയിൽ, ആർലിങ്ടണിലെ നേവൽ ഒബ്സെർവേറ്ററിയിൽനിന്നാണ്; ആ സിഗ്നലുകളനുസരിച്ചാണ് എല്ലാ ക്ലോക്കുകളിലേയും സമയം ഒന്നായി ശരിയാക്കുന്നത്.

ഏതൊരു കടയുടമയ്ക്കും അറിയേണ്ടത് അരിയുടെ ഒരു-പൗണ്ട് പാക്കറ്റിൽ പതിനാറു ഔൺസുണ്ടോ അല്ലെങ്കിൽ ഒരു യാർഡിൽ മുപ്പത്തി-ആറ് ഇഞ്ച് ഉണ്ടോ എന്നതാണ്. അങ്ങനെ നമുക്ക് അളവും തൂക്കവും താരതമ്യം ചെയ്യുവാൻ ഒരു നിലവാരമുണ്ട്. ഉദാഹരണമായി, വാഷിങ്ടൺ ഡി.സി. യിലെ, ബ്യൂറോ ഓഫ് സ്റ്റാൻഡേർഡ്സിന്, അവിടെ ആദ്യ ദേശീയ മാതൃകയായ മീറ്ററുണ്ട്, അതിനു 3.28 അടി നീളവും, 2,204 പൗണ്ട്, തൂക്കവും ഉണ്ട്. ആ മാതൃകകൾ, ഫ്രഞ്ചു സർക്കാർ അമേരിക്കക്കു ദാനമായി നല്കിയത്, ഉണ്ടാക്കിയിരിക്കുന്നത് 90 ശതമാനം പ്ലാറ്റിനം കൊണ്ടും 10 ശതമാനം ഇരിഡിയം കൊണ്ടുമാണ്, കാരണം ആ ലോഹങ്ങൾ ചുരുങ്ങുകയോ വികസിക്കുകയോ ഇല്ല. ഈ മാതൃകയനുസരിച്ചല്ലാത്ത അളവുപകരണങ്ങളെല്ലാം തെറ്റാണ്.

അതുപോലെ, മതത്തിലും വ്യത്യാസമില്ലാത്തതും മാറ്റമില്ലാത്തതുമായ, ഒരു നിലവാരമുള്ള മാതൃകയുണ്ടായിരിക്കണം! ഉയർന്ന പ്രാധാന്യമുള്ള ഒരു മാതൃകാസഭയുടെ പ്രാധാന്യത്തെ ദൈവം അംഗീകരിച്ചിരുന്നു, അവൻ ആ സഭ ഇന്നും കാണത്തക്കവണ്ണം പണിതിരിക്കുന്നത്, മറ്റുള്ള എല്ലാ സഭകൾക്കും ആ സഭ മാതൃകയാക്കി സ്വയം പരിശോധിക്കുന്നതിനാണ്. ദൈവത്തിന്റെ സഭയുടെ ആ നിലവാരമാതൃക വാഷിങ്ടണിലോ മറ്റേതെങ്കിലും പട്ടണത്തിലോ ഉള്ള ഡിപാർട്ട്മെന്റുകളിൽ പൂട്ടി വെച്ചിട്ടില്ല. എന്നേക്കുമുള്ള ബൈബിളിലാണ് ദൈവത്തിന്റെ ആ മാതൃകയുള്ളത്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും, ആ മാതൃകാചിത്രം ഒരിക്കലും മാഞ്ഞുപോകയില്ല. മനു

ഷ്യരുടെ പാരമ്പര്യം വരികയും പോകുകയും ചെയ്യും, എന്നാൽ ദൈവത്തിന്റെ സഭ അങ്ങനെതന്നെ ഉണ്ടാകും. പ്ലാറ്റിനംകൊണ്ടും ഇരിഡിയം കൊണ്ടും ഉണ്ടാക്കിയ ഒരു മാതൃക, എത്ര കാര്യക്ഷമതയോടെ നോക്കിയാലും, ചെറിയ വ്യത്യാസം ഉള്ളതായിരിക്കും; പക്ഷെ ബൈബിളിനു വേനൽക്കാലത്തോ ശൈത്യകാലത്തോ, വർഷങ്ങൾ കഴിയുമ്പോഴോ അല്ലെങ്കിൽ ദേശങ്ങൾ വീണുപോയാലോ യാതൊരു മാറ്റവുമില്ല. മനുഷ്യന്റെ നിലവാരങ്ങൾ അപൂർണ്ണമാണെന്നു സമ്മതിക്കണം, എന്നാൽ ദൈവത്തിന്റെ മാതൃക "സ്വാതന്ത്ര്യത്തിന്റെ, തികഞ്ഞ ന്യായപ്രമാണമാണ്" (യാക്കൊബ് 1:25).

ഒരു മാതൃകാപുരുഷനെ ഒരാൾ കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മറ്റെല്ലാ മനുഷ്യർക്കും പിൻപറ്റാവുന്ന മാതൃകയുള്ള ആളെ കാണുവാൻ, ഗൗരവമായ അന്വേഷണം മറുപടി നൽകുന്നത്, "മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ, എന്നീ സുവിശേഷങ്ങളിലേക്ക് പോയാൽ, അവനെ കണ്ടെത്താം." ഒരാൾക്ക് മാതൃകാ സഭ കണ്ടെത്തണമെന്നുണ്ടെങ്കിൽ, മനുഷ്യരുടെ പ്രവൃത്തികൾ അതിനെ വഷളാക്കുന്നതിനുമുമ്പു, ആരംഭത്തിൽ ഉണ്ടായിരുന്ന സഭയെയാണ് അവൻ നോക്കേണ്ടത്. ആരംഭത്തിൽ ഉണ്ടായിരുന്ന സഭ എങ്ങനെ ആയിരുന്നു എന്നു, പുതിയ നിയമത്തിൽ പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടക്കത്തിൽ കാണാം.

### സഭയിലേക്കു പ്രവേശിക്കുന്നതിനുള്ള ദൈവത്തിന്റെ മാതൃക

ദൈവത്തിന്റെ സഭയിലേക്കു പ്രവേശിക്കുന്നതിനുള്ള നിയമം എന്താണ്? യേശു സ്വർഗാരോഹണം ചെയ്തു തന്റെ പിതാവിന്റെ അടുക്കലേക്കു പോയപ്പോൾ, അവൻ പരിശീലിപ്പിച്ച അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനത്തിനുവേണ്ടി കാത്തിരിക്കുവാൻ യെരുശലേമിലേക്കു പോയി. ദൈവത്തിന്റെ ആത്മാവു വന്നപ്പോൾ, അവരെല്ലാവരും ഒരു സ്ഥലത്തു ഒരുമിച്ചുകൂടി. എന്തു പറയേണ്ടിവരുമെന്നും എന്തു പ്രസംഗിക്കേണ്ടിവരുമെന്നും, അവർക്കു വിചാരമുണ്ടായിരുന്നില്ല കാരണം, അതിനുള്ള വാക്കുകൾ ദൈവം അവരുടെ നാവുകളിൽ നല്കും. ഇന്നുള്ള സകല പ്രാസംഗികരിൽനിന്നും അവർ വ്യത്യാസമുള്ളവരായിരുന്നു- അവരുടെ വാക്കുകളിലോ, ഉപദേശത്തിലോ തെറ്റു സംഭവിച്ചില്ല, കാരണം ദൈവാത്മാവിനു തെറ്റു പറ്റുകയില്ല. അതുകൊണ്ടു രണ്ടായിരം വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ആ മാതൃക മനസിലാക്കുന്നതിന്റെ പ്രാധാന്യം നാം കാണുന്നു; ആ ഉപദേഷ്ടാക്കന്മാരുടെ ഓരോ വാക്കും ദൈവാത്മാവിനാൽ നയിക്കപ്പെട്ടതായതുകൊണ്ട് ദൈവം എന്തു പ്രസംഗിക്കണമെന്ന് ആഗ്രഹിച്ചുവോ അതുതന്നെ അവർ സംസാരിച്ചു. സഭയിലേക്കുള്ള പ്രവേശനത്തിന് ആ ദൈവശ്വാസീയ ഉപദേഷ്ടാക്കന്മാർ എന്താണ് നിർദ്ദേശിച്ചത്?

### യേശുക്രിസ്തുവിനെകുറിച്ചുള്ള പ്രസംഗം

ആദ്യമായി, ദൈവശ്വാസീയരായ ആളുകൾ *പ്രസംഗിച്ചു* എന്നതു ശ്രദ്ധിക്കുക. അവർ ശിശുക്കളോടോ അല്ലെങ്കിൽ, ഇന്നു സ്വയം മനസിലാക്കുവാൻ കഴിയാത്തവരോടോ അല്ല പ്രസംഗിച്ചത്. ഉത്തരവാദിത്വമുള്ള ആളുകളെ അവരുടെ വായിൽകൂടെ വരുന്ന വാക്കുകളാൽ സ്വാധീനിക്കുവാനാണ് അവർ ശ്രമിച്ചത്. ആളുകൾ ആരും തങ്ങളുടെ രക്ഷക്കായി പരിശുദ്ധാത്മാവു

പകരുവാൻ ആഗ്രഹിച്ചിരുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ, പ്രസംഗം അനാവശ്യമായിരുന്നു; ദൈവം ഒരിക്കലും അനാവശ്യമായി സമയം പാഴാക്കുകയില്ല. പ്രസംഗം അന്നും ഇന്നും ആവശ്യമാണ്. സുവിശേഷസന്ദേശം പ്രസംഗിച്ചുകൊണ്ടു ആളുകളെ രക്ഷിക്കുക എന്നതാണ് ദൈവത്തിന്റെ പദ്ധതി (1 കൊരിന്ത്യർ 1:21; റോമർ 10:13, 14). വചനം പ്രസംഗിക്കാതെ ആളുകളെ രക്ഷിക്കുവാൻ കഴിയാത്തതുകൊണ്ടാണ്, ക്രിസ്തു ശ്രദ്ധയോടെ തന്റെ അപ്പൊസ്തലന്മാരെ ആ പ്രവൃത്തിക്കായി പരിശീലിപ്പിച്ചത്.

അവർ എന്താണ് പ്രസംഗിച്ചത്? പെന്തെകൊസ്തുനാളിൽ പത്രൊസ് ആദ്യമായി പ്രസംഗിച്ചത് നാം പ്രവൃത്തികൾ 2-ൽ വായിക്കുന്നു:

> "യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ: നിങ്ങൾ തന്നേ അറിയുംപോലെ, ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച, ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു, ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ടു, അവനെ ഉയർത്തെഴുന്നേല്പിച്ചു, മരണം അവനെ പിടിച്ചുവെക്കുന്നതു അസാധ്യമായിരുന്നു.
>
> "... അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല. ... ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും അറിഞ്ഞുകൊള്ളട്ടെ" (വാ. 22-36).

ആത്മ-ശ്വാസീയ ഉപദേഷ്ടാവ് ആ ധീരവും മഹത്വകരവുമായ വസ്തുതകൾ പ്രഖ്യാപിച്ചപ്പോൾ, കേട്ടുകൊണ്ടിരുന്ന ജനക്കൂട്ടത്തിലുള്ളവർ "ഹൃദയത്തിൽ കുത്തുകൊണ്ട്, പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും, 'സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ?'" (വാ. 37). ആത്മാവിനെ-സംബന്ധിച്ച, ആ ഗൗരവമായ ചോദ്യത്തിന്, ഉപദേഷ്ടാക്കന്മാർ എന്തു മറുപടിയാണ് നൽകിയത്?

## സുവിശേഷത്തോടുള്ള അനുസരണം

ദൈവത്തിന്റെ ഉപദേഷ്ടാക്കന്മാർ പ്രസംഗിച്ചത് യേശു മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്നും, അവൻ സർവ്വസൃഷ്ടിക്കും ആദ്യജാതനായിരുന്നു എന്നുമുള്ള സുവാർത്ത മാത്രമല്ല, രക്ഷിക്കപ്പെടുവാൻ ആളുകൾ എന്തു ചെയ്യണമെന്നും അവർ അവരോടു പറഞ്ഞു. യേശു എല്ലാവർക്കും വേണ്ടിയാണ് മരിച്ചതെന്നു ആ ഉപദേഷ്ടാക്കന്മാർ വിശ്വസിച്ചിരുന്നു, എന്നാൽ അതു മാത്രം പോരാ എന്നു അവർ കരുതി; അവന്റെ യാഗത്തെ കുറിച്ചും സ്ത്രീപുരുഷന്മാർ അറിഞ്ഞിരിക്കണമെന്ന് അവർ ധരിച്ചിരുന്നു. അതുകൊണ്ടു, ക്രൂശിന്റെ സംഭവം അവർ പ്രസംഗിച്ചു. ആളുകൾ എങ്ങനെ ജീവിച്ചാലും എന്തു ചെയ്താലും, എല്ലാവരും രക്ഷിക്കപ്പെടുമെന്ന് അപ്പൊസ്തൊലന്മാർ വിശ്വസിച്ചിരുന്നില്ല. പ്രപഞ്ച സൃഷ്ടാവായ ദൈവ മുൻപാകെ ആളുകൾ പാപത്തിലാണെന്നും നഷ്ടപ്പെട്ടവരാണെന്നും അവർ ആളുകളോടു പറഞ്ഞു.

തങ്ങൾ പാപത്തിലാണ് എന്ന് ആളുകൾക്ക് വിശ്വാസമായതുകൊണ്ട് അതിൽനിന്നും മോചിതരാകുവാൻ എന്തു ചെയ്യണമെന്ന് കേൾക്കുവാൻ അവർ യാചിച്ചു. ദൈവമില്ലാതെ പ്രത്യാശയില്ലാതെ മരിക്കുവാൻ അവർ ആഗ്രഹിച്ചില്ല. വീണ്ടും നാം ചോദിക്കുന്നു, ഉപദേഷ്ടാക്കന്മാർ എന്താണ് പറഞ്ഞത്? "രക്ഷിക്കപ്പെടുകയും നിങ്ങൾക്കിഷ്ടമുള്ള സഭയിൽ ചേരുവാനുമാണോ"? ഇന്ന് ഏതാനും ശുശ്രൂഷകന്മാർ അങ്ങനെ പറഞ്ഞുകേൾക്കുന്നുണ്ട്; എന്നാൽ ദൈവത്തിന്റെ ഉപദേഷ്ടാക്കന്മാർ, മാതൃകാപ്രസംഗത്തിൽ, ആ വിധത്തിൽ പറഞ്ഞുവോ? "വിശ്വസിക്ക മാത്രം ചെയ്ക, എന്നാൽ നീ രക്ഷിക്കപ്പെടും" എന്ന്, അവർ പറഞ്ഞുവോ? ഇല്ല! "പത്രൊസ് അവരോടു പറഞ്ഞു, 'മാനസാന്തരപ്പെട്ട്, നിങ്ങൾ ഓരോരുത്തനും നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും'" (വാ. 38). ദൈവത്തിന്റെ അംഗീകാരത്താൽ ആ രേഖ മാറ്റിയിട്ടില്ല. ബൈബിളിലെ ഓരോ പ്രസ്താവനയോടു അതു തികച്ചും യോജിച്ചിരിക്കുന്നു. രക്ഷിക്കപ്പെടുവാൻ ഒരാൾ വിശ്വസിക്ക മാത്രം ചെയ്താൽ മതി എന്നു ഞാൻ പറഞ്ഞാൽ, ഞാൻ ദൈവീകമാതൃകക്കു വിരുദ്ധമായി പറയുകയാണ്. ഒരാൾ വിശ്വസിക്കണം; കാരണം വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല – എങ്കിലും പിശാചുക്കൾ പോലും വിശ്വസിക്കുന്നുണ്ട്! ആയിരക്കണക്കിനാളുകൾ വിശ്വസിക്കുന്നുണ്ട് പക്ഷെ രക്ഷിക്കപ്പെട്ടിട്ടില്ല. ഒരാൾ തന്റെ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടുകയും പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കുകയും ചെയ്യുന്ന രീതിയിൽ വേണം വിശ്വസിക്കുവാൻ. ബൈബിളിലെ മറ്റെല്ലാ പ്രസ്താവനകളോടും യോജിക്കുന്ന പ്രസ്താവനകളാണ് പ്രവൃത്തികൾ 2:38–ലേത്, കാരണം ഓരോ പ്രസ്താവനയും എഴുതിയത് ദൈവത്തിന്റെ അതേ ആത്മാവിനാലാണ്.

അതിലുപരിയായി, ഒരു പാപി യേശുവിൽ വിശ്വസിക്കുകയും, പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടുകയും, സ്നാനപ്പെടുകയും ചെയ്യുമ്പോൾ, ആ പാപി രക്ഷിക്കപ്പെടുകയും, വീണ്ടും ജനിച്ച ക്രിസ്ത്യാനിയാകുകയും ചെയ്യുന്നു എന്ന്, ഓരോ ഉപദേഷ്ടാവും സമ്മതിക്കും. ആ രീതിയെ ആരും സംശയിക്കുകയില്ല; അത് തികച്ചും ദൈവം ബൈബിളിൽ നൽകിയ മാതൃകയോട് യോജിക്കുന്നു. ഇന്നു മനുഷ്യർ വേറെ വഴികൾ നൽകുന്നു, അതേ സമയം ദൈവീക മാതൃക ശരിയാണെന്നു അവർ സമ്മതിക്കുകയും ചെയ്യുന്നു. അറിയപ്പെടാത്ത നിലയിലേക്ക് നമ്മുടെ ആത്മാക്കളെ വിട്ടുകളയുവാൻ നിങ്ങൾക്കും എനിക്കും കഴിയുമോ? നിത്യതക്കുവേണ്ടി, ചോദ്യം ഉദിക്കാത്ത ശ്രേഷ്ഠമായ ഒരു നിലപാട് നാം എടുക്കുന്നതാണ് നല്ലത്!

പിന്നെ, ദൈവത്തിന്റെ സഭയിലേക്കുള്ള പ്രവേശന നിയമം, എന്താണ്? ആദ്യം, യേശുക്രിസ്തുവിനെ കുറിച്ചു പ്രസംഗിക്കയായിരുന്നു. പിന്നെ ഉപദേഷ്ടാവ് ആളുകളോട് മാനസാന്തരപ്പെട്ട് സ്നാനമേൽക്കുവാൻ പ്രസംഗിച്ചു. രേഖകൾ പറയുന്നത് പത്രൊസ് ദൈവവചനം പ്രസംഗിച്ചതു കൈക്കൊണ്ടവർ സ്നാനമേറ്റു എന്നാണ്, അന്ന് മൂവായിരം ആത്മാക്കൾ അവരോട് ചേർന്നു. നിങ്ങളും ഞാനും അതു തന്നെ ചെയ്താൽ എന്തു സംഭവിക്കും? നാം രക്ഷിക്കപ്പെട്ടു എന്ന് നമുക്കറിയില്ല എങ്കിൽ, എങ്ങനെ നമുക്കത് അറിയുവാൻ കഴിയും? ദൈവത്തിന്റെ നിലവാര മാതൃകയിൽ അവന്റെ കൃപ നമുക്കു ഉറപ്പാക്കുന്നില്ലെങ്കിൽ, നാം എന്താണ് പിൻതുടരേണ്ടത്?

പ്രവൃത്തികളുടെ പുസ്തകത്തിൽ, മാതൃകാസഭയിലേക്കു അംഗത്വത്തിനുള്ളവഴി വ്യക്തമാക്കിയിട്ടുണ്ട്. യേശുവിന്റെ ജീവിതം, മരണം, ഉയർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം എന്നിവ ഉൾപ്പെടുത്തി, ഒരു പ്രസംഗം നടത്തി. ഈ മഹത്തായ പ്രധാന്യമുള്ള വസ്തുതകൾ ആളുകൾ വിശ്വസിച്ച ശേഷവും (പ്രവൃത്തികൾ 2:36), പാപികൾ രക്ഷിക്കപ്പെടാതെ തന്നെയിരുന്നു; അവർ അപ്പോഴും സഭയിൽ ആയിരുന്നില്ല. ക്രിസ്തുവിലുള്ള വിശ്വാസം കൊണ്ടുമാത്രം മാതൃകാസഭയിൽ അംഗത്വം ലഭിക്കുമെന്ന് പരിശുദ്ധാത്മാവ് പറഞ്ഞില്ല, എന്നാൽ മാനസാന്തരവും പാപങ്ങളിൽനിന്നുള്ള പാപമോചനത്തിനായുള്ള സ്നാനവും വേണമെന്ന് പറഞ്ഞു. നിങ്ങൾ ആരാധിക്കുവാൻ പോകുന്ന സഭ മാതൃകാസഭ പിൻപറ്റിയതുപോലെ ശരിയായി പോകുന്നുവെങ്കിൽ, ആ സഭയ്ക്കു ശരിയായ അംഗത്വ നിബന്ധനയും ഉണ്ടായിരിക്കും.

ഉദാഹരണമായി, മാതൃകാ സഭയിൽ ശിശുക്കൾ ഒന്നും അംഗങ്ങൾ ആയില്ല, കാരണം ഓരോ അംഗവും വചനം "കൈക്കൊള്ളുകയായിരുന്നു" (പ്രവൃത്തികൾ 2:41). മാതൃകാസഭയിലെ അംഗത്വത്തിന് വോട്ടെടുപ്പ് നടത്തേണ്ട ആവശ്യമില്ല; നാം വായിക്കുന്നത് വചനം കൈക്കൊള്ളണം എന്നതാണ്.

അതിലുപരിയായി, മാതൃകാസഭയുടെ കാലയളവിൽ രക്ഷിക്കപ്പെടുകയും സഭയിൽ അംഗമല്ലാതെയിരിക്കുകയും ചെയ്യുന്നത് ചിന്തിക്കുവാൻ കഴിയുമായിരുന്നില്ല. നേരെ മറിച്ച്, രക്ഷിക്കപ്പെടുന്നതുവരെ ആരും സഭയിൽ ആയതുമില്ല, രക്ഷിക്കപ്പെട്ട ഉടനെ കർത്താവ് അവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:47).

### വിശ്വാസത്തിന്റെ ഏക നിയമത്തിനുള്ള ദൈവത്തിന്റെ മാതൃക

മാതൃകാസഭയുടെ വിശ്വാസനിയമം, അല്ലെങ്കിൽ പ്രമാണം, "അപ്പൊസ്തലന്മാരുടെ ഉപദേശം" ആയിരുന്നു (പ്രവൃത്തികൾ 2:42). അതിനർത്ഥം തങ്ങൾ മോശെയുടെ ഉപദേശമോ, ശലോമോന്റേതോ, അല്ലെങ്കിൽ ദാവീദിന്റേതോ, യോഹന്നാൻ സ്നാപകന്റേതോ അനുസരിക്കേണ്ടതില്ല എന്ന് മാതൃകാസഭയിലെ അംഗങ്ങൾ മനസ്സിലാക്കിയിരുന്നു എന്നാണ്. നിങ്ങളുടെ സഭ ജോസെഫ് സ്മിത്തിന്റെ, മേരി ബേക്കർ എഡിയുടെ, എലൻ ജി. വൈറ്റിന്റെ, ജോൺ വെസ്ലിയുടെ, മാർട്ടിൻ ലൂതറിന്റെ, അലക്സാണ്ടർ കാമ്പെലിന്റെ, സഭാ കൗൺസിലിന്റെ, പോപ്പിന്റെ, അല്ലെങ്കിൽ സഭാ പിതാക്കന്മാരുടെ, അല്ലെങ്കിൽ അജ്ഞാതരായ ആരുടെയെങ്കിലും ഉപദേശം അനുസരിച്ചാണ് പോകുന്നതെങ്കിൽ അത് മാതൃകാസഭയ്ക്ക് അന്യമായ ഒന്നായിരിക്കും. മാതൃകാസഭയിലെ അംഗങ്ങൾ ആത്മീയമായി ശരിയും തെറ്റും നിർണ്ണയിക്കേണ്ടത് ഒരു മാർഗ്ഗത്തിലൂടെ മാത്രമാണ്: "അപ്പൊസ്തലന്മാർ അതു ഉപദേശിച്ചിട്ടുണ്ടോ?" (1 യോഹന്നാൻ 4:6 നോക്കുക.)

### കൂട്ടായ്മക്കുള്ള ദൈവത്തിന്റെ മാതൃക

മാതൃകാസഭയിൽ ധനികവും ആഴത്തിലുള്ളതുമായ കൂട്ടായ്മ, ഒരു ആത്മാർത്ഥ പങ്കാളിത്വം ഉണ്ടായിരുന്നു. അത്യാവശ്യഘട്ടങ്ങളിൽ, അംഗങ്ങൾ അവരുടെ സമ്പാദ്യങ്ങൾ വിറ്റ് സഭയിലുള്ള ഓരോരുത്തർക്കും കൊടുത്തു (പ്രവൃത്തികൾ 2:44, 45). സാധാരണ സമയത്ത്, അവരുടെ കുടുംബങ്ങളെ സംരക്ഷിക്കേണ്ട കടമ അവരിൽ തന്നെ ആയിരുന്നു (1 തിമൊഥെയൊസ് 5:8, 16). രണ്ടു സാഹചര്യങ്ങളിലും, സഹോദരന്മാരെ സ്നേഹിക്കുന്നതിന്റെ അടി

സ്ഥാനത്തിൽ ആത്മാർത്ഥതയുണ്ടായിരുന്നു (1 പത്രൊസ് 1:22) അത് ക്രിസ്തുവിനോടുള്ള സ്നേഹത്താൽ പ്രചോദിക്കപ്പെട്ടതായിരുന്നു (2 കൊരിന്ത്യർ 8:8).

## കർത്തൃമേശക്കുള്ള ദൈവത്തിന്റെ മാതൃക

മാതൃകാസഭയിൽ അംഗങ്ങൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരുന്നത്, സൺഡേ സ്കൂളിനുവേണ്ടിയോ (അതു നല്ലതാണെങ്കിലും), ഉപദേഷ്ടാവിനെ കേൾക്കേണ്ടതിനു മാത്രമോ (അതു നല്ലതാണെങ്കിലും) ആയിരുന്നില്ല, എന്നാൽ ഓർമ്മ പുതുക്കലിൽ പങ്കാളികളാകുന്നതിനുവേണ്ടിയായിരുന്നു (പ്രവൃത്തികൾ 20:7). നിങ്ങൾ അംഗമായിരിക്കുന്ന സഭയിൽ ഓരോ ഞായറാഴ്ച്ചയും കർത്തൃമേശ എടുക്കുന്നുണ്ടോ? അവർ അപ്പൊസ്തലന്മാരുടെ ഉപദേശ പ്രകാരം അതെടുക്കാതെ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ, നിങ്ങൾ ആ സഭയിൽ നിന്ന് പുറത്തുവരണം.

## സഭയിലെ ആരാധനക്കുള്ള ദൈവത്തിന്റെ മാതൃക

മാതൃകാസഭയിലെ ആളുകൾ രക്ഷിക്കപ്പെട്ട ശേഷം, എന്താണ് ചെയ്തത്? അവർ എങ്ങനെ ആരാധിച്ചു? ആദ്യ ക്രിസ്ത്യാനികൾ എങ്ങനെ ആരാധിച്ചു എന്നതിനെ കുറിച്ച് നമുക്ക് ഊഹിക്കേണ്ടതായിട്ടില്ല, കാരണം അംഗീകരിക്കപ്പെട്ട മാതൃകാപരമായ ആരാധന ബൈബിളിൽ പറഞ്ഞിട്ടുണ്ട്. പ്രവൃത്തികൾ 2:42 പറയുന്നു, "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം തുടർച്ചയായി കേൾക്കുകയും, കൂട്ടായ്മ ആചരിക്കുകയും അപ്പം നുറുക്കുകയും പ്രാർത്ഥന കഴിക്കുകയും ചെയ്തുപോന്നു."

ആത്മ-ശ്വാസീയ ഉപദേഷ്ടാക്കന്മാരുടെ ഉപദേശത്തിലാണ് ആ ആളുകൾ തുടർന്നുവന്നത്. അവരുടേത് പ്രത്യേക നാമധേയ വിഭാഗ ഉപദേശമോ, അല്ലെങ്കിൽ ചില മനുഷ്യർ എഴുതിയ വിശ്വാസപ്രമാണ പുസ്തകമോ ആയിരുന്നില്ല. അപ്പൊസ്തലന്മാരുടെ ഉപദേശം സത്യമായിരുന്നു, അതു ദൈവം ആഗ്രഹിച്ച വിശാലമായ ഒന്നായിരുന്നു.

മതത്തിൽ, അപ്പൊസ്തലന്മാരുടേതൊഴിച്ച് മറ്റെല്ലാം സത്യവിരുദ്ധമാണ് (മത്തായി 10:14, 15, 40; 15:13 നോക്കുക). പല സഭകളും ഇന്ന് തുടർന്നുപോരുന്നത് ആനുകാലിക സംഭവങ്ങളെ നോക്കിയാണ്; അവരുടെ പാസ്റ്റർമാർ രാഷ്ട്രീയ സാഹചര്യങ്ങളെ കുറിച്ചുള്ള പ്രസംഗങ്ങൾ നൽകുന്നു. പ്രചാരത്തിലിരിക്കുന്ന നാമധേയ വിഭാഗങ്ങൾ അപ്പൊസ്തലന്മാരുടെ ഉപദേശത്തെ തുടർച്ചയായി ത്യജിച്ചുകൊണ്ടിരിക്കുന്നു എന്നതു മാത്രമല്ല സത്യം, ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന പലരും ബൈബിൾ തുടർച്ചയായി പഠിക്കുന്നതുമില്ല. പലരും ഞായറാഴ്ച്ചയിലെ ബൈബിൾ പാഠങ്ങളിൽ തൃപ്തരാണ്. സ്നേഹിതരേ, അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടരാത്ത ഒരാൾക്ക് മതത്തിൽ ശരിയായിരിക്കുവാൻ സാധ്യമല്ല; മറ്റൊരുവിധത്തിലും ശരി എന്തെന്ന് അറിയുവാൻ അയാൾക്ക് സാധ്യമല്ല.

സഭയിലെ ആദ്യ അംഗങ്ങൾ, അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട്, കൂട്ടായ്മയിൽ തുടർന്നുവന്നു - അവർ അന്യോന്യം പങ്കാളികളായും, അന്യോന്യം അംഗങ്ങളായും തീർന്നിരുന്നു. അങ്ങനെ, കൂട്ടായ്മയിൽ, അവർക്കുള്ളത് സ്വയമായി ശേഖരിക്കുകയും ചെയ്തിരുന്നു. അവർ തുടർച്ചയായി കപ്പലണ്ടി ഭക്ഷിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സഭയുടെ വ്യാവസായിക പദ്ധതിയിലേർപ്പെടുകയോ ചെയ്തില്ല; പകരം, അവർ കൊടുത്തത്

അവരുടെ ഹൃദയത്തിൽ നിശ്ചയിച്ചവണ്ണമായിരുന്നു.

അപ്പൊസ്തലന്മാരുടെ ഉപദേശത്താൽ നയിക്കപ്പെട്ട ആദ്യ ക്രിസ്ത്യാനികൾ തുടർച്ചയായി അപ്പം നുറുക്കുകയും, അതായത് കർത്തൃമേശ ആചരിക്കുകയും ചെയ്തു. അവരിൽ അപ്പൊസ്തലന്മാരുടെ ഉപദേശം ഇല്ലായിരുന്നുവെങ്കിൽ അവർ അപ്പം നുറുക്കുവാൻ തുടർച്ചയായി കൂടിവരുമായിരുന്നില്ല. ഇന്നനേകം ആളുകൾ അപ്പം നുറുക്കുവാൻ കൂടിവരുന്നത് ക്രമരഹിതമായിട്ടും, ഇടവിട്ടിടവിട്ടും ആണ്; എന്നാൽ വളരെ മുൻപ്, ദൈവത്തിന്റെ അംഗീകാരം ഉണ്ടായിരുന്ന മാതൃകാസഭ തുടർച്ചയായിട്ടാണ് അപ്പം നുറുക്കുവാൻ കൂടിവന്നത്. എബ്രായർ 10:25, 1 കൊരിന്ത്യർ 16:2, പ്രവൃത്തികൾ 20:7–ൽ നിന്നും, നാം പഠിക്കുന്നത് അപ്പൊസ്തലന്മാരുടെ ഉപദേശത്താൽ നയിക്കപ്പെട്ട ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടിവന്നു എന്നാണ്. അതേ ഉപദേശത്തിൽനിന്നും, അതേ ഉപദേഷ്ടാക്കന്മാരിൽനിന്നും നാം പഠിക്കുന്നത്, യെരുശലേം സഭ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അപ്പം നുറുക്കുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്തു എന്നാണ്. ദൈവത്തിന്റെ അംഗീകാരമുള്ള സഭയുടെ നിലവാരം ഓരോ ആഴ്ച്ചയിലും കർത്തൃമേശ ആചരിക്കുന്നതാണ്. നമുക്ക് നൽകിയിരിക്കുന്ന സഹായമായ മാതൃകയിൽനിന്ന് നാം ഒട്ടും താഴ്ന്നുപോകരുത്.

ദൈവത്തിന്റെ മാതൃകാസഭയുടെ മറ്റൊരു ആരാധനാഭാഗമായിരുന്നു പ്രാർത്ഥന; അവരിൽ സഹോദരന്മാർ, അതുപോലെ തങ്ങളുടെ അപേക്ഷകൾ അധികവും തുടർച്ചയായി അർപ്പിച്ചുവന്നു. ഇന്ന് ക്രിസ്ത്യാനികൾ എന്ന് വിളിക്കുന്ന ചിലരും അവരുടെ ഉപദേഷ്ടാക്കന്മാരും പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല; അവർ ആധുനിക ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നു; പ്രപഞ്ചത്തിന്റെ ഒഴുക്കിൽ പ്രാർത്ഥനക്ക് എന്തുമാറ്റം വരുത്താമെന്ന് അവർക്ക് കാണുവാൻ കഴിയുന്നില്ല. പ്രാർത്ഥനയുടെ വിലയെ കുറിച്ച് ഇപ്പോൾ നാം ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. എങ്ങനെയായാലും, ഈ ഭൂമിയിലെ ആദ്യ സഭയിൽ, ദൈവശ്വാസീയ മനുഷ്യർ പഠിപ്പിച്ച സഭയിൽ, അംഗങ്ങൾ തുടർച്ചയായി പ്രാർത്ഥിച്ചിരുന്നു എന്ന കാര്യം നാം ഓർമ്മിക്കണം. നമുക്കു മുൻപിൽ വെച്ചിരിക്കുന്ന മാതൃകയിൽ നിന്ന് നാം താഴ്ന്നുപോകരുത്.

സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീയഗീതങ്ങളാലും ദൈവത്തെ പാടി സ്തുതിപ്പാനും, അപ്പൊസ്തലന്മാർ ഹൃദയങ്ങളിൽനിന്ന് പാട്ടുപാടുവാനും പഠിപ്പിച്ചിരുന്നു. ഒരു സഭയിൽ അവർ പഠിപ്പിച്ചത് തന്നെയാണ്, എല്ലാ സഭകളിലും പഠിപ്പിച്ചത്. അങ്ങനെ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽപെട്ടതാണ്, സത്യാരാധനയുടെ ഭാഗമായുള്ള അധരഫലം എന്ന സ്തോത്രയാഗവും, പാട്ടുപാടി സ്തുതിക്കലും.

## ദൈവത്തിന്റെ മാതൃകയുടെ മറ്റു സ്വഭാവങ്ങൾ

ദൈവത്തിന്റെ മാതൃകാ സഭ ദൈവത്തിന്റെ നയിക്കലിൽ ആശ്രയിച്ചിരുന്നു, പ്രാർത്ഥനയുടെ പ്രാധാന്യത്തിൽ അതു തെളിയിക്കുന്നു (പ്രവൃത്തികൾ 2:42; 4:24; 12:12). മാതൃകാസഭയിൽ, എല്ലാ അംഗങ്ങളും ഏക ഹൃദയത്തിൽ ഐക്യതയിൽ യോജിച്ചിരുന്നു (പ്രവൃത്തികൾ 4:32) അങ്ങനെ അവർ ഏക മനസ്സിലും ഏക അഭിപ്രായത്തിലും ദൈവത്തിനു മഹത്വം കൊടുത്തു (റോമർ 15:6). നിങ്ങൾ ആരാധിക്കുന്ന സഭ വിഭാഗങ്ങളിലെ ഒരു വിഭാഗമാ

ണെങ്കിൽ, അഥവാ സഭകളിലെ ഒരു സഭ ആണെങ്കിൽ, നാമധേയ വിഭാഗ ങ്ങളിലെ ഒരു നാമധേയ വിഭാഗമാണെങ്കിൽ, "അദൃശ്യമായ സഭയുടെ," ഒരു ശാഖയായി അറിയ-പ്പെടുന്നുവെങ്കിൽ അത് മാതൃകാസഭ അല്ല.

മാതൃകാസഭയിൽ, അച്ചടക്കം ഉണ്ടായിരുന്നു. അയോഗ്യരായ അംഗങ്ങളെ കൂട്ടായ്മയിൽ നിന്ന് നീക്കം ചെയ്തിരുന്നു (നോക്കുക പ്രവൃത്തികൾ 5:1–11; 1 കൊരിന്ത്യർ 5:13). കൂടാതെ, മാതൃകാസഭയ്ക്ക് സുവിശേഷീകരണ താൽപ ര്യമുണ്ടായിരുന്നു. ഓരോ അംഗവും (പ്രവൃത്തികൾ 8:4)- "മുഴുവൻ സമയ ഉപദേഷ്ടാവ്" എന്ന നിലയിലല്ല - രക്ഷിക്കപ്പെട്ട ശേഷം അയാൾ മറ്റുള്ളവ രുടെ രക്ഷ കൂടെ ആഗ്രഹിച്ചു. ദിനംപ്രതി (പ്രവൃത്തികൾ 5:28, 42), ആദ്യ ക്രിസ്ത്യാനികൾ യേശുവിനെ കുറിച്ചു ഉപദേശിക്കുന്നതു നിർത്താതെ, അവർ അവരുടെ ഉപദേശം കൊണ്ട് "യെരുശലേം നിറച്ചു." കൂടാതെ, മാതൃ കാസഭയിൽ വാസ്തവത്തിലുള്ള സന്തോഷം ഉണ്ടായിരുന്നു. "സന്തോഷവും ഹൃദയ പരമാർത്ഥതയും ഉള്ളവരായിരുന്നു" (പ്രവൃത്തികൾ 2:46), അവർ ദൈവത്തെ പുകഴ്ത്തുകയും ശരിയായി ചിന്തിക്കുന്ന സകലജനത്തി ന്റെയും കൃപ അനുഭവിക്കുകയും ചെയ്തു.

## ഉപസംഹാരം

എല്ലാ നാമധേയവിഭാഗങ്ങളുമായുള്ള ബന്ധം വിഛേദിച്ച്, ദൈവത്തിന്റെ അംഗീകാരമുള്ള മാതൃകാസഭയിലേക്ക് മടങ്ങിവന്ന്, നിങ്ങളുടെ ജീവിതം ശരിയാക്കുക. നാം ദൈവത്തിന്റെ മാതൃകയിലേക്ക് തിരിച്ചുപോകുമെങ്കിൽ, അത് മതത്തിൽ എത്ര ശക്തമായ ഐക്യതയാണ് ഉണ്ടാക്കുക! നമ്മൾ എല്ലാ വരും ഒന്നാകുകയും ഒരേ ഭവനത്തിൽ ആരാധിക്കുകയും ഒരുമിച്ചു കർത്തൃ മേശ ഒരുക്കുകയും ചെയ്യുന്നു. അംഗീകരിച്ച മാതൃകയുടെ അളവുകോൽ ഒന്നുമാത്രവും, അതിന്റെ അളവ് മുപ്പത്തി-ആറ് ഇഞ്ചും ആയിരിക്കുന്നതു പോലെ, ദൈവം അംഗീകരിച്ച മാതൃകാ സഭ ഒന്നേയുള്ളൂ. ആളുകൾ ഒരു നിലവാരമുള്ള അളവുകോൽ ഉപയോഗിക്കുമ്പോൾ, അവർ വ്യത്യസ്തമായ അളവുകളെ തിരഞ്ഞെടുക്കേണ്ടതായിട്ടില്ല; അവർ നിലവാരമുള്ള സഭയെ പിൻപറ്റുമ്പോൾ, വ്യത്യസ്തമായ സഭകളെ തിരഞ്ഞുപോകേണ്ടതില്ല!